**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2769** **22-01-2021 - ൽ മറുപടിയ്ക്ക്**

**ശമ്പളവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. നൗഷാദ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ക്ഷീര വികസന വകുപ്പിൽ ഡയറി ഫാം ഇൻസ്ട്രക്ടർമാരായി 19.08.2020ന് ജോയിൻ ചെയ്ത 30 ഓളം പേർക്ക് (മറ്റ് സർക്കാർ സർവീസുകളിൽ നിന്നും റിലീവ് ചെയ്ത് വന്നവർക്ക്) അഞ്ചുമാസക്കാലമായി ശമ്പളം ലഭിച്ചിട്ടില്ല എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഡയറി ഫാം ഇൻസ്ട്രക്ടർ ട്രെയിനികൾക്ക് സ്റ്റൈപെൻ്റ് മാത്രം നൽകുന്നതിനാണ് സ്പാർക്കിൽ പ്രൊവിഷൻ ഉള്ളത്. മറ്റ് വകുപ്പുകളിൽ നിന്നും റിലീവ് ചെയ്ത് വന്നവർക്ക് LPC പ്രകാരം ശമ്പളം നൽകേണ്ടി വന്നതിനാൽ ഇത് സംബന്ധിച്ച മാറ്റം വരുത്തേണ്ടതായി വന്നു. |
| (ബി) | സ്പാർക്ക് സോഫ്റ്റ്‌വെയറിൻ്റെ തകരാർ മൂലമാണോ ഇവർക്ക് ശമ്പളം ലഭിക്കാത്തത്; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇവർക്ക് എത്ര ദിവസത്തിനുള്ളിൽ ശമ്പളം വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | അതെ. നിലവിൽ സ്പാർക്ക് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ആകെയുള്ള 29 പേരിൽ (മറ്റ് സർക്കാർ സർവ്വീസിൽ നിന്നും റിലീവ് ചെയ്ത് വന്നവർക്ക്) 13 പേർക്ക് ശമ്പളം മാറി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 16 പേർക്കുകൂടി ശമ്പളം നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. രണ്ട് ആഴ്ചയ്ക്കുള്ളിൽ മറ്റുള്ളവർക്കുകൂടി ശമ്പളം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ